DESPATCHED
On. 16/3/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 37(2)/2023**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **2397**/എസ്.ഐ.സി-ജി 6/23)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. വിശ്വസേനൻ പി.,**
**കൊച്ചയ്യത്ത് തറ,**
**ആദിനാട് വടക്ക്,**
**പിൻ – 690 542.** — **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**പ്രഥമാദ്ധ്യാപകൻ,**
**ജി.എച്ച്.എസ്.എസ്.,**
**കുലശേഖരപുരം, ക്ലാപ്പന പി.ഒ.,**
**കൊല്ലം.** — **എതിർകക്ഷി**

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. വിശ്വസേനൻ പി., 13.02.2023ന് സമർപ്പിച്ച പരാതി ഹർജി 15.02.2023ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.37(2)/23/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരം/രേഖകൾ ലഭ്യമാക്കണമെന്നുമാണ്.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, പരാതി ഹർജി കളിൽ വിവരങ്ങളോ, മറുപടിയോ, രേഖകളോ യാതൊന്നും നൽകണമെന്നു

നിയമപരമായി നിർദ്ദേശിക്കുവാൻ കഴിയുന്നതല്ല. എന്നാൽ എതിർകക്ഷി ഹർജിക്കാരന് അപ്പീൽ അധികാരിയുടെ മേൽവിലാസം നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ആയതിനാൽ അപ്പീൽ അധികാരിയുടെ മേൽവിലാസം എതിർകക്ഷി ഉത്തരവ് ലഭ്യമാക്കി 5 ദിവസത്തിനകം ഹർജിക്കാരന് നൽകേണ്ടതാണെന്നു കമ്മീഷൻ നിർദ്ദേശം നൽകുന്നു. ഇപ്രകാരം വിവരാവകാശ നിയമം വകുപ്പ് 7(8)(ii)(iii) യുടെ ലംഘനം നടത്തിയ എതിർകക്ഷിയെ കമ്മീഷൻ താക്കീതു ചെയ്യുന്നു. അപ്പീൽ അധികാരിയുടെ വിലാസം ലഭ്യമായ ശേഷം ഹർജിക്കാരന് ഒന്നാം അപ്പീൽ നൽകാവുന്നതും ഒന്നാം അപ്പീലിലെ മറുപടിയും തൃപ്തികരമല്ലെങ്കിൽ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ നൽകാവുന്നതുമാണ്.

4. ഇപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2023 മാർച്ച് 09–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**
Ge/